(ബി) പരിശോധിച്ചിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥൻമാരുടെ പരിശോധന ആനുകാലിക റിപ്പോർട്ടിംഗ്, കേന്ദ്ര സർക്കാർ നിയോഗിക്കുന്ന സംസ്ഥാനത്തിന് പുറത്തുനിന്നുള്ള നാഷണൽ ക്വാളിറ്റി മോണിറ്റേഴ്സ് നടത്തുന്ന നേരിട്ടുള്ള പരിശോധന എന്നിവ മുഖേന ഇക്കാര്യം ഉറപ്പു വരുത്തുന്നുണ്ട്. കൂടാതെ എം. പി. മാരുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികളും ഇക്കാര്യം ഉറപ്പുവരുത്തുന്നു.

(സി) ഗ്രാമ പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പദ്ധതികളുടെ 50 ശതമാനം തുക പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി വിനിയോഗിക്കേണ്ടതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ അവർക്ക് ലഭിക്കുന്ന വിഹിതത്തിന്റെ 22.5 ശതമാനം പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെ വരുന്ന കുടുംബങ്ങളുടെ സ്വന്തം ഭൂമിയിൽ അവർക്ക് പ്രയോജനകരമായ ആസ്തികൾ ഉണ്ടാക്കുന്നതിനായി വിനിയോഗിക്കേണ്ടതാണ്.

(ഡി) ഈ പദ്ധതിപ്രകാരം പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് പ്രയോജനപ്പെട്ട ചെലവിന്റെ ശതമാനം ചുവടെ ചേർക്കുന്നു:

		ആകെ ചെലവിന്റെ
2002-03	-	25.26%
2003-04	-	27.41%
2004-05	-	33.04%
2005-06	-	34%

(ജനുവരി 2006 വരെ)

ശബരിമലയുടെ വികസനം

10 [*94] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനത്തിന് വേണ്ടി ടൂറിസം വകുപ്പ് എന്തെല്ലാം പദ്ധതികൾക്കാണ് തുടക്കമിട്ടത്;

(ബി) അതിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലായി?

വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) (i) എരുമേലിയിൽ യാത്രിനിവാസ്

(ii) കുളനടയിൽ പിൽഗ്രിം അമിനിറ്റി സെന്റർ

(iii) വടശ്ശേരിക്കരയിൽ ഹോട്ടൽ കോംപ്ലക്സ്, സ്നാനഘട്ടം

(iv) പന്തളത്ത് ബാത്ത്റൂം കോംപ്ലക്സ്

(v) തിരുവല്ലയിൽ സത്രം കോംപ്ലക്സ്

LIBRARY ARCHIVES Kerala Legislative Assembly

(vi) പത്തനംതിട്ട കെ. എസ്. ആർ. ടി. സി. ബസ് സ്റ്റാന്റ്, വടശ്ശേരിക്കര, പന്തളം, തിരുവല്ല എന്നിവിടങ്ങളിൽ താൽക്കാലിക ഇൻഫർമേഷൻ സെന്ററുകൾ.

(ബി) തിരുവല്ലയിലെ സത്രം കോംപ്ലക്സ് ഒഴികെ മുകളിൽ പ്രതിപാദിച്ച മറ്റെല്ലാ പദ്ധതികളും പൂർത്തിയായി.

തീരദേശ സംരക്ഷണ നിയമം ലംഘിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

11 [*95] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം രംഗത്ത് ബീച്ചുകളിൽ തീരദേശ സംരക്ഷണ നിയമങ്ങൾ ലംഘിച്ചു കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ ബീച്ചുകളുടെ സ്വാഭാവിക ഭംഗി നശിപ്പിക്കുന്നതിനാൽ അത് തടയുന്നതിന് വേണ്ട കർശന നടപടികൾ സ്വീകരിക്കുമോ?

വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ & ബി) ബീച്ചുകളുടെ സ്വാഭാവിക ഭംഗി നശിപ്പിക്കുന്നതുൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തടയേണ്ടത് തദ്ദേശ ഭരണ സ്ഥാപനങ്ങളാണ്. വിനോദ സഞ്ചാര പദ്ധതിക്ക് വിരുദ്ധമായോ അഥവാ അതിലംഘിച്ചുകൊണ്ടോ ഉള്ള അനധികൃത നിർമ്മാണമോ ഭൂവികസനമോ ഭൂമി കയ്യേറ്റമോ അപ്രകാരമുള്ള മറ്റ് പ്രവർത്തനങ്ങൾക്കോ എതിരായി നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട തദ്ദേശാധികാര സ്ഥാനത്തിന് നിർദ്ദേശം നൽകാൻ അധികാരപ്പെടുത്തുന്ന (2005-ലെ കേരള വിനോദ സഞ്ചാരം - മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്റ്റ് പാസ്സാക്കിയിട്ടുണ്ട്. ഈ നിയമം നടപ്പിലാകുന്നതോടുകൂടി ബീച്ചുകളടക്കമുള്ള ടൂറിസം മേഖലകളുടെ സ്വാഭാവിക ഭംഗിക്ക് കോട്ടം തട്ടുന്ന എല്ലാ പ്രവർത്തനങ്ങളും തടയാനാകുമെന്ന് കരുതുന്നു.

അജ്ഞാത രോഗം ബാധിച്ച് ചാകുന്ന മൃഗങ്ങൾ

12 [*96] ശ്രീ. സി. പി. മുഹമ്മദ്:
,, കെ. മോഹൻകുമാർ:
,, എ. കെ. മണി:
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേക്കടി വനങ്ങളിൽ അജ്ഞാതരോഗം പിടിപെട്ട് 2005 ജൂൺ മുതൽ എത്ര വന്യമൃഗങ്ങൾ ചത്തിട്ടുണ്ട്;

(ബി) കുമിളി ഹോളിഡേ ഹോമിന് സമീപത്ത് ചത്തതായി കാണപ്പെട്ട മ്ലാവിന്റെ ജഡം പോസ്റ്റ്മാർട്ടം നടത്തിയോ; എങ്കിൽ അത് ചാകാനുള്ള കാരണം എന്തായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly